(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പിന്നിട്ട ഓരോ മാസവും സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം എത്തെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള ആകെ റവന്യൂ വരുമാനം 18,88,88,15,887 രൂപയായിരുന്നു. ഓരോ മാസത്തിലെയും ഇനംതിരിച്ചുള്ള വരുമാനത്തിന്റെ കണക്ക് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ മാസം വരെയുള്ള അർദ്ധവാർഷിക കാലയളവിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള റവന്യൂ വരുമാനത്തിന്റെ മാസം തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം ആയി ചേർക്കുന്നു.*

സമ്പൂർണ്ണ മദ്യനിരോധനം

169 (177) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്ത് വർഷത്തിനകം സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി ;

(സി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ വർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം, കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുന്നുവെന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വരുന്ന 10 വർഷം കൊണ്ട് "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിനും എഫ്.എൽ.1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുള്ളത്.

ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ, ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും, ബിയർ/വൈൻ പാർലറുകളുടെയും പ്രവർത്തന സമയം $5^1/_2$ മണിക്കൂർ കുറയ്ക്കുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി.

യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ ദു:ഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

(സി) ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 2030 ആകുമ്പോഴേക്കും ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 2014-15-ലെ അബ്കാരി പോളിസിയിൽ വിഭാവനം ചെയ്തിട്ടുള്ള 'പുനർജനി 2030 പദ്ധതി' നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25-9-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 171/15/നി.വ. പ്രകാരം 'സുബോധം' പദ്ധതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട്

170 (178) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻ മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly